**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

..........................................

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 537**

**04.02.2020- ൽ മറുപടിക്ക്.**

## വ്യവസായ സ്ഥാപനങ്ങളിലെ അപകട സാധ്യതകൾ

......................

ചോദ്യം

ശ്രീ. ജോൺ ഫെർണാണ്ടസ്

**മറുപടി**

**ഇ. പി. ജയരാജൻ**

**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| ചോദ്യം | മറുപടി |
|---|---|
| (എ) വ്യവസായ സ്ഥാപനങ്ങളിലെയും തൊഴിലിടങ്ങളിലെയും അപകട സാധ്യതകൾ കുറയ്ക്കുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ | (എ) : വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ വികസന എസ്റ്റേറ്റ് / ഏരിയകളിലും വ്യവസായ വികസന പ്ലോട്ടുകളിലും അപകട സാധ്യതകൾ കുറയ്ക്കുന്നതിനുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ സുരക്ഷയ്ക്കായി ആഭ്യന്തര വകുപ്പിന്റെ നിർദ്ദേശ പ്രകാരം സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.<br>വ്യവസായ വകുപ്പിനു കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വ്യവസായ പാർക്കുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ സുരക്ഷാമാനദണ്ഡങ്ങൾ അനുസരിച്ചുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഫയർ എക്സ്റ്റിൻഗ്യൂഷർ, ഫസ്റ്റ് എയ്ഡ് ബോക്സ് എന്നീ സജ്ജീകരണങ്ങളും ക്രമീകരിച്ചിട്ടുണ്ട്. |
| (ബി) ബിഹേവിയർ ബേസ്ഡ് സേഫ്റ്റി പോലുള്ള ശാസ്ത്രീയ സമീപനങ്ങൾ വ്യവസായ സ്ഥാപനങ്ങളിലെയും തൊഴിലിടങ്ങളിലെയും അപകടങ്ങൾ തടയുന്നതിനായും സുരക്ഷ ഉറപ്പു വരുത്തുന്നതിനുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(സി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) : & (സി) വ്യവസായ മേഖലയിലെ സുരക്ഷ ഉറപ്പാക്കുന്നതിനായി മതിയായ സംവിധാനങ്ങൾ നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

ജെ/30/01/20